
ബൈബിൾ ചിത്രകഥ

# മോശ



## ബൈബിൾ ചിത്രകഥ–5

# മോശ

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി

ഈജിപ്തിൽ അടിമകളായിത്തീർന്ന ഇസ്രായേൽക്കാരെ മോചിപ്പിച്ചു വാഗ്ദത്ത ഭൂമിയായ കാനാൻ ദേശത്തേക്ക് നയിച്ച നേതാവാണ് മോശ. ഇസ്രായേലിന്റെ ചരിത്രത്തിൽ ഇത്രയേറെ പ്രാധാന്യമർഹിക്കുന്ന മറ്റൊരു വ്യക്തിയില്ല. അടിമകളായി കഴിയുന്ന തന്റെ ജനത്തിന്റെ യഥാർത്ഥ മോചനം എന്ന ഒരേയൊരു ലക്ഷ്യമാണു മോശയുടെ ജീവിതത്തെ നയിച്ചത്. അതിനായി ഈജിപ്തു രാജാവായ ഫറവോയുടെ കൊട്ടാരത്തിലെ സുഖസമൃദ്ധിയും സുരക്ഷിതത്വവും ഉപേക്ഷിച്ച് ഇറങ്ങാൻ അദ്ദേഹം തയ്യാറായി. തികച്ചും സാഹസികമായിരുന്നു ആ ജീവിതം.

സ്വജനം തന്നെ സ്വീകരിക്കുന്നില്ല എന്നും ഫറവോ തന്നെ കൊല്ലാൻ അന്വേഷിക്കുന്നു എന്നും മനസ്സിലാക്കിയ മോശ മിദിയാൻ മരുഭൂമിയിൽ അഭയം പ്രാപിച്ചു. തന്റെയും തന്റെ ജനത്തിൻറെയും നിസ്സഹായതയെ കുറിച്ചു ബോധവാനായിരുന്ന മോശയുടെ ജീവിതത്തെ ഒരു പുതിയ വഴിയിലേക്കു തിരിച്ചുവിട്ടതു ദൈവമാണ്. മിദിയാൻ

മരുഭൂമിയിലെ എരിയുന്ന മുൾപടർപ്പിൽ പ്രത്യക്ഷനായ ദൈവം മോശയെ ശക്തിപ്പെടുത്തി. മനുഷ്യന് അസാധ്യമായത് ദൈവത്തിനു സാധ്യമാണെന്ന ബോധ്യം മോശയിൽ രൂഢമൂലമായി.

മുൾപ്പടർപ്പിലെ ദർശനം ദൈവത്തിൻറെ സ്വഭാവത്തെക്കുറിച്ച് അതിപ്രധാനമായ രണ്ടു പാഠങ്ങൾ മോശയ്ക്കു നൽകി. (1) ദൈവം വിശുദ്ധനാണ്. അദൃശ്യനും മനുഷ്യബുദ്ധിക്ക് അപ്രാപ്യനും ആയ ദൈവത്തെ സമീപിക്കുന്നവർ വിശുദ്ധരായിരിക്കണം. (2) മർദ്ദിതൻറെ നിലവിളി കേൾക്കുന്നവനും അടിമകൾക്കു വിടുതൽ നൽകുന്നവനുമാണു ദൈവം. 'യാഹ്വെ' എന്നാണ് അവിടുത്തെ നാമം. മോചനം നൽകുന്നതു ദൈവമാണെന്നും താൻ ദൈവത്തിൻറെ കരങ്ങളിലെ ഉപകരണം മാത്രമാണെന്നും മോശ ഗ്രഹിച്ചു. ഇനി അങ്ങോട്ടുള്ള മോശയുടെ ജീവിതം ദൈവഹിതത്തിനു തന്നെത്തന്നെ പൂർണമായി സമർപ്പിച്ച ഒരു വ്യക്തിയുടെ ജീവിതമായിരിക്കും.

ആഴമേറിയ ദൈവാനുഭവത്താലും അടിപതറാത്ത വിശ്വാസത്താലും രൂപാന്തരീകരിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു മോശ. അദ്ദേഹം സർവോപരി ദൈവത്തിൻറെ മനുഷ്യനായിരുന്നു. തന്നെ തിരഞ്ഞെടുത്ത ദൈവം എപ്പോഴും തന്റെ സഹായത്തിനുണ്ടായിരിക്കും എന്ന വിശ്വാസം അദ്ദേഹത്തെ നിർഭയനാക്കി. തന്നെ കൊല്ലാൻ തീരുമാനിച്ചിരുന്ന ഫറവോയുടെ മുമ്പിൽ പ്രത്യക്ഷപ്പെടാനും തന്നെ തള്ളിപ്പറഞ്ഞ ജനത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കാനും അദ്ദേഹത്തിനു ധൈര്യവും ശക്തിയും നൽകിയത് ഈ ദൈവാനുഭവമായിരുന്നു. പ്രാർത്ഥനയായിരുന്നു അദ്ദേഹത്തിൻറെ ശക്തി കേന്ദ്രം.

മോശ ഉത്തമനായ ഒരു നേതാവായിരുന്നു. താൻ നയിക്കുന്ന ജനത്തിന്റെ മോചനം എന്ന ഏക ലക്ഷ്യത്തിനുവേണ്ടി എന്ത് ത്യാഗവും സഹിക്കാനും ഏത് അപകടവും നേരിടാനും അദ്ദേഹം തയ്യാറായി.

സ്വാർത്ഥമതികളും അൽപന്മാരും അറിവില്ലാത്തവരുമായ അവരെ നിസ്വാർത്ഥമായി സ്നേഹിച്ചു. ക്ഷമയോടെ, ദീർഘ ശാന്തതയോടെ നയിച്ചു. അവരുടെ തെറ്റുകൾ ക്ഷമിച്ചു. അവർക്കു വേണ്ടി ദൈവത്തോട് മാപ്പിരന്നു. ജനത്തിന്റെ തെറ്റുകൾക്കുള്ള ശിക്ഷ സ്വയം ഏറ്റെടുക്കാൻ തയ്യാറായി.

മേൽവിലാസമില്ലാത്ത ഒരുപറ്റം അടിമകളെ ഒരു ജനതയായി വളർത്തിയെടുത്തതു മോശയായിരുന്നു. പ്രതിസന്ധികളിൽ അദ്ദേഹം അവർക്കു വഴികാട്ടി; നിരാശയിൽ അവർക്കു പ്രത്യാശ പകർന്നു; അന്ധവിശ്വാസികളും വിഗ്രഹാരാധകരുമായിരുന്ന അവരെ ഏകദൈവവിശ്വാസി കളാക്കി മാറ്റി. ലോകജനതകൾക്കു മുമ്പിൽ നിസ്സാരരെങ്കിലും ദൈവത്തിന്റെ പ്രിയപ്പെട്ട ജനമാണു തങ്ങൾ എന്ന ബോധ്യം വളർത്തിയതും തങ്ങളെ മോചിപ്പിച്ച ദൈവത്തിൻറെ ഹിതമനുസരിച്ചാണ് തങ്ങൾ ജീവിക്കേണ്ടതെന്നു അവരെ പഠിപ്പിച്ചതും മോശയാണ്.


മോശ ഒരു പ്രവാചകനായിരുന്നു. ഇസ്രയേൽ കണ്ടതിൽ ഏറ്റവും വലിയ പ്രവാചകൻ. വിമോചകനായ ദൈവത്തിൻറെ വക്താവും നിയമദാതാവുമാണ് മോശ. മോശയെപ്പോലെ ഒരു പ്രവാചകൻ വീണ്ടും വരുമെന്നും ദൈവത്തിൻറെ ഇഷ്ടം ആധികാരികമായി വെളിപ്പെടുത്തുമെന്നും തങ്ങളെ പൂർണ്ണമായ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുമെന്നും ഇസ്രയേൽജനം വിശ്വസിച്ചു. ഇപ്രകാരം വിമോചകനും രക്ഷകനും നിയമദാതാവുമായ ഒരു പ്രവാചകന് വേണ്ടി അവർ കാത്തിരുന്നു. ഈ പ്രതീക്ഷ പൂർത്തിയായത് നസ്രത്തിലെ പ്രവാചകനായ യേശുവിലാണ്.

പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നീ പുസ്തകങ്ങളിൽ വിവരിച്ചിരിക്കുന്ന സംഭവപരമ്പരകളിൽ ചിലത് മാത്രം തിരഞ്ഞെടുത്താണ് ഈ കഥ രചിച്ചിരിക്കുന്നത്.

ഏഷ്യക്കാരെ പുറന്തള്ളിക്കൊണ്ട് ഈജിപ്തിൽ ആധിപത്യം സ്ഥാപിച്ച പുതിയ രാജവംശം ഇസ്രയേൽക്കാരെയും അടിമകളാക്കി. അടിമകൾ ശക്തിപ്പെടാതിരിക്കാൻ അവരുടെ പുരുഷ സന്തതികളെ നദിയിൽ എറിഞ്ഞു കളയണം എന്നു രാജകല്പനയുണ്ടായി. എന്നാൽ ഒരു ഹെബ്രായ സ്ത്രീ തന്റെ ആൺ കുഞ്ഞിനെ മൂന്നുമാസം വരെ ഒളിച്ചുവച്ചു. അതിനുശേഷം അവൾ തന്റെ കുഞ്ഞിനെ ഒരു കുട്ടയിലാക്കി നൈൽ നദിയുടെ തീരത്തേക്ക് പോയി.




ഇതൊരു ഹെബ്രായ ശിശുവാണ്. തീർച്ചയായും നദിയിൽ എറിഞ്ഞു കളയണം
എന്തൊരു കോമളനായ കുഞ്ഞ്. ഇതിനെ എങ്ങനെയാ കൊന്നുകളയുന്നത്
ഇവനെ ഞാൻ എൻറെ മകനെപ്പോലെ വളർത്തും. വെള്ളത്തിൽ നിന്ന് കിട്ടിയ ഇവനെ മോശയെന്നു ഞാൻ വിളിക്കും
!!



മോശ ഫറവോയുടെ കൊട്ടാരത്തിൽ രാജകുമാരനെപ്പോലെ വളർന്നു.
!!


മോശയുടെ ഇരുപത്തിയൊന്നാം ജന്മദിനം കൊട്ടാരത്തിൽ ആഘോഷിച്ചു
!
മോശേ, ഇന്നുമുതൽ ഹെബ്രായ അടിമകളുടെ പൂർണ്ണ ഉത്തരവാദിത്വം നിനക്കായിരിക്കും

# മോശ അടിമ പാളയം സന്ദർശിച്ചപ്പോൾ




ഹൂ...!


പിറ്റേന്ന്
കൂട്ടരേ നിങ്ങൾ സഹോദരങ്ങളല്ലേ? എന്തിനാണീ വഴക്ക്
ഹോ, ഫറവോയുടെ പുന്നാര മോനല്ലേ! ഞങ്ങളുടെ മേലാളനാവാനൊന്നും നോക്കണ്ട.
!
ഇന്നലെ ഈജിപ്തുകാരനെ കൊന്നത് പോലെ ഞങ്ങളെയും കൊല്ലാമെന്നായിരിക്കും ഭാവം.

ഈജിപ്തുകാരനെ കൊന്ന വിവരം പരസ്യമായതിനാൽ മോശ ഫറവോയെ ഭയന്നു ഒളിച്ചോടി മിദിയാൻ ദേശത്ത് ഒരു കിണറ്റിൻ കരയിൽ എത്തി. ആ ദേശത്തെ പുരോഹിതനായ ജെത്രോയുടെ പെൺമക്കൾ ആടുകൾക്ക് വെള്ളം കൊടുക്കാൻ അവിടെ വന്നു. അവരെ ആക്രമിച്ച ഇടയന്മാരെ മോശ നേരിട്ടു.





മോശ ജെത്രോയുടെ വീട്ടിൽ താമസമാക്കി. ജെത്രോ തൻറെ മകൾ സിപ്പോറയെ മോശയ്ക്കു ഭാര്യയായി നൽകി
വർഷങ്ങൾക്കു ശേഷം
അങ്ങേയ്ക്ക് എന്താണ് എപ്പോഴും ഈ വിഷാദം
എൻറെ ജനം അടിമകളായി നരകിക്കുമ്പോൾ ഞാൻ എങ്ങനെ സന്തോഷിക്കും
അങ്ങയെ തള്ളിപ്പറഞ്ഞ അവരെക്കുറിച്ച് ആണോ ഇനിയും ചിന്ത
!


അവർ അറിവില്ലാതെ ചെയ്തതാണ്. എൻറെ സഹോദരങ്ങളാണ് അവർ. എനിക്ക് അവരെ മറക്കാനാവില്ല
!


എത്രനാൾ ഞാൻ ഈ
മരുഭൂമിയിൽ
അജ്ഞാതവാസം തുടരും?
എന്നാണ് എൻറെ ജനത്തിനു
മോചനം ലഭിക്കുക?


അല്ല അതെന്താ, ആ മുൾപടർപ്പിൽ ഒരു തീ


മോശേ, നീ
നിൽക്കുന്ന സ്ഥലം
പരിശുദ്ധമാണ്.
ചെരിപ്പുകൾ
അഴിച്ചുമാറ്റു.
!!


ഈജിപ്തിലെ എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. അവരുടെ നിലവിളി ഞാൻ കേട്ടു. ഞാൻ അവരെ മോചിപ്പിച്ച് അവരുടെ പിതാക്കന്മാർക്കു വാഗ്ദാനം ചെയ്ത ദേശത്തേക്കു നയിക്കും. എന്നെ ആരാധിക്കാൻ എൻറെ ജനത്തെ വിട്ടയക്കു എന്ന് നീ ഫറവയോട് പറയണം
അങ്ങ് ആരാണ്?


കർത്താവായ ദൈവമാണ് ഞാൻ. ഭയപ്പെടേണ്ട; ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും.


കർത്താവിൻറെ കൽപ്പനയനുസരിച്ചു മോശ കുടുംബസമേതം ഈജിപ്തിലേക്കു മടങ്ങി. സഹോദരൻ അഹറോൻ മോശയെ കാണാൻ വന്നു.
അനുജാ എത്രകാലമായി? ഇതൊക്കെ ആരാണ്?
ഹോ.. ചേട്ടാ


ആകട്ടെ, എന്തൊക്കെയുണ്ടു വിശേഷങ്ങൾ
നിന്നെ പിടി കിട്ടാത്തതിന്റെ അരിശം തീർക്കാൻ അവർ നമ്മുടെ ജനത്തിൽ നൂറു പേരെ ഒറ്റ ദിവസം തൂക്കിലിട്ടു
!?



പിന്നെ, കഴിഞ്ഞവർഷം വലിയ രാജാവു മരിച്ചു. ഇപ്പോൾ റമേസസ് രണ്ടാമനാണു നാടുവാഴുന്നത്. നമ്മുടെ ക്ലേശം ഇരട്ടിച്ചതേയുള്ളൂ



!!
ആ ക്ലേശങ്ങൾ അവസാനിക്കുകയാണ്. കർത്താവു നമുക്കു മോചനം നൽകും. നാളെ ഞാൻ ഫറവോയെ കാണാൻ പോകുന്നുണ്ട്. ചേട്ടനും വരണം


മോശയും അഹറോനും ഫറവോയുടെ അരമനയിൽ
ഞങ്ങളുടെ ദൈവമായ കർത്താവിന് ഉത്സവം ആഘോഷിക്കാൻ ജനത്തെ വിട്ടയക്കണം
എന്ത്? ഏതു കർത്താവ്? അടിമകളുടെ പണിമുടക്കാതെ നിങ്ങൾ നിങ്ങളുടെ പാട്ടിനു പോകുവിൻ



കർത്താവിനെ ധിക്കരിക്കാനാണു ഭാവമെങ്കിൽ
ഓഹോ ചില്ലറ ചെപ്പടിവിദ്യകൾ അറിയാം അല്ലേ
എവിടെ നമ്മുടെ മാന്ത്രികർ?

മാന്ത്രികരുടെ വടികളും പാമ്പായി മാറി. പക്ഷേ മോശയുടേത് അവയെ എല്ലാം വിഴുങ്ങിക്കളഞ്ഞു. എന്നാൽ ജനത്തെ വിട്ടയയ്ക്കാൻ ഫറവോ തയ്യാറായില്ല





പിറ്റേന്ന്
അടിമപ്പാളയത്തിൽ
ഇന്നുമുതൽ ഇഷ്ടകയുണ്ടാക്കാൻ വേണ്ട വൈക്കോൽ നിങ്ങൾ തന്നെ ശേഖരിച്ചു കൊള്ളണം. ഇഷ്ടികയുടെ എണ്ണം കുറയരുത്. നിങ്ങൾക്ക് സ്വാതന്ത്ര്യം വേണം അല്ലേ?
ഇതെങ്ങനെയാ സാധിക്കുക
ആ മോശയാണിതിനു കാരണം



സഹോദരങ്ങളേ നിങ്ങൾ ഭയപ്പെടരുത്. ഫറവോയുടെ കയ്യിൽ നിന്നും കർത്താവു നമ്മെ മോചിപ്പിക്കാൻ പോവുകയാണ്
!
മോചനം! ഞങ്ങളുടെ മുതുകിലെ പാടു കണ്ടോ? ഞങ്ങൾ ഇവിടെ സമാധാനത്തിൽ കഴിയുകയായിരുന്നു


നാവരിയപ്പെ ട്ടവരുടെ സമാധാനം. കൂട്ടരേ, കർത്താവു നമുക്ക് സ്വന്തമായി ഒരു നാട് തരും
എന്ത്? സ്വന്തമായി നാടോ?
നാടില്ലെങ്കിലും തല്ലു കൊള്ളാതെ വയറു നിറയെ ആഹാരം കിട്ടിയാൽ മതിയായിരുന്നു
!

മോശ പല തവണ ഫറവോയുമായി സംസാരിച്ചു. കർത്താവ് ഈജിപ്തിനു മേൽ മഹാമാരികൾ ഒന്നൊന്നായി അയച്ചു പക്ഷേ ജനത്തെ വിട്ടയക്കാൻ ഫറവോ കൂട്ടാക്കിയില്ല



നാട്ടിലെ മൃഗങ്ങൾ വസന്ത പിടിച്ചു ചത്തൊടുങ്ങി. കന്മഴ വർഷിച്ചു വിളവുകൾ നശിച്ചു.




മനുഷ്യർക്കും മൃഗങ്ങൾക്കും വ്രണങ്ങൾ ബാധിച്ചു. വെട്ടുക്കിളി  കൂട്ടങ്ങൾ നാടിനെ പൊതിഞ്ഞു. പച്ചയായതെല്ലാം തിന്നുതീർത്തു






മഹാമാരികൾ രൂക്ഷമാകുമ്പോൾ വിട്ടയക്കാം എന്നു ഫറവോ സമ്മതിക്കും.
മോശപ്രാർത്ഥിച്ച് മഹാമാരികൾ മാറുമ്പോൾ മനസ്സുമാറ്റും. അവസാനം.
ഇത് പത്താംതവണയാണ് അങ്ങ് വാക്ക് മാറ്റുന്നത്. ഇസ്രയേലിന്റെ ദൈവമായ കർത്താവ് അരുളി ചെയ്യുന്നു ഇസ്രായേൽ എൻറെ ആദ്യജാതനാണ് എൻറെ മകനെ നീ വിട്ടയച്ചില്ലെങ്കിൽ നിൻറെ മകനെ ഞാൻ കൊല്ലും
കടക്കു പുറത്ത്.
ഇനി നീ ഇവിടെ നിന്ന് വായ് തുറന്നാൽ എൻറെ വാൾ ആയിരിക്കും നിനക്ക് ഉത്തരം നൽകുന്നത്.
!!


മോശ തൻറെ ജനത്തോട്
കർത്താവിൻറെ ദൂതൻ ഇന്ന് രാത്രി ഊരിയ വാളുമായി ഈജിപ്തിലൂടെ കടന്നുപോകും. നിങ്ങൾ ഓരോ കുഞ്ഞാടിനെ കൊന്ന് അതിൻറെ രക്തം കട്ടിളപ്പടിയിൽ തളിക്കണം. ആടിനെ മുഴുവൻ ചുട്ടു തിന്നണം.


അന്ന് രാത്രി അവർ പെസഹാ ഭക്ഷിച്ചു
ഇത് കർത്താവിൻ്റെ പെസഹായാണ്
വേഗമാകട്ടെ നമുക്ക് ഉടനെ മോചനം കിട്ടും


അതേസമയം ഫറവോയുടെ കൊട്ടാരത്തിൽ
തൃപ്തിയായില്ലേ? ഇതാ നമ്മുടെ ഏക പുത്രൻ.
ഈജിപ്തിൽ മുഴുവൻ കൂട്ടനിലവിളി ഉയരുകയാണ് എല്ലാവരുടെയും ആദ്യജാതന്മാർ കൊല്ലപ്പെട്ടിരിക്കുന്നു
??



ആ അടിമകളെ ഉടനെ പുറത്താക്കു
അന്ന് രാത്രി തന്നെ ഇസ്രായേൽ ജനം പുറപ്പെട്ടു


ഇസ്രായേൽക്കാർ പോയിക്കഴിഞ്ഞപ്പോൾ ഫറവോയ്ക്കു വീണ്ടുവിചാരമുണ്ടായി.
വേഗമാകട്ടെ, ആ അടിമകളെ ഉടനെ പിടികൂടിയേ മതിയാകു.



ചെങ്കടലിന്റെ തീരത്ത് പാളയം അടിച്ചിരുന്ന ഇസ്രയേൽക്കാരുടെ ഇടയിൽ
അതാ ഫറവോയും സൈന്യവും
ഈജിപ്തിൽ ശവക്കുഴികൾ ഇല്ലാഞ്ഞിട്ടാണോ ഈ മരുഭൂമിയിൽ കിടന്നു ചാകാൻ ഞങ്ങളെ കൂട്ടിക്കൊണ്ടുവന്നത്?
??!
നിങ്ങൾ ശാന്തരായിരിക്കുവിൻ കർത്താവു നമ്മെ കാത്തുകൊള്ളും
!!!
?


കർത്താവിൻറെ കൽപ്പന അനുസരിച്ച്
മോശ ചെങ്കടലിനു നേരേ വടി നീട്ടി.
????


ഇസ്രായേൽക്കാരുടെ പിന്നാലെ ഈജിപ്തുകാരും കടലിലിറങ്ങി. എന്നാൽ ഇസ്രായേൽക്കാർ മറുകര എത്തിയപ്പോൾ ഈജിപ്ത്കാരെ കടൽ മൂടിക്കളഞ്ഞു .
!!!!



അടിമത്തത്തിൽ നിന്നു രക്ഷപ്പെട്ട ജനം
കർത്താവിനെ സ്തുതിച്ചു പാടി
മോശയുടെ സഹോദരി മിരിയാം
അവർക്കു പാടിക്കൊടുത്തു
സ്തോത്രം പാടിടാം....
കർത്താവിന് സ്തോത്രം പാടിടാം....

മരുഭൂമിയിലൂടെ മുന്നോട്ടു നീങ്ങിയ ജനം വെള്ളവും ഭക്ഷണവും കിട്ടാതെ വലഞ്ഞു.
അവർ മോശയോട് ആവലാതിപ്പെട്ടു. കോറഹ് നേതൃത്വം നൽകി.



കർത്താവിൻറെ കൽപ്പന അനുസരിച്ച് മോശ പാറയിൽ അടിച്ചു.
വെള്ളം കുതിച്ചൊഴുകി.




പിറ്റേന്ന് പ്രഭാതത്തിൽ
ഇതെന്താണ്?
!!
ഹായ്, നല്ല സ്വാദ്
ഇത് മന്നയാണ്, കർത്താവു നൽകുന്ന അപ്പം


ദിവസങ്ങൾക്കു ശേഷം
മന്ന തിന്നു ഞങ്ങൾ മടുത്തു. കാലത്തും മന്ന, ഉച്ചക്കും മന്ന, വൈകിട്ടും മന്ന.
ഈജിപ്തിലായിരുന്നെങ്കിൽ ആട്ടിറച്ചി, കരിമീൻ, സബോള, വെള്ളരിക്കാ , ഹാവൂ
ഞങ്ങൾക്ക് ഇറച്ചി വേണം. തിന്നാൻ സ്വാദുള്ള ഇറച്ചി


കർത്താവു നിങ്ങൾക്ക് ഇറച്ചി
തരും. തിന്ന് തിന്ന് മുക്കിലൂടെ
പുറത്തുവന്നു ഓക്കാനിക്കു
ന്നതുവരെ നിങ്ങൾ ഇറച്ചി
തിന്നുകയും ചെയ്യും



സായംകാലമായപ്പോൾ ശക്തമായ
ഒരു വടക്കൻ കാറ്റു വീശി.
കാടപ്പക്ഷികൾ കൂട്ടം കൂട്ടമായി വന്നു
പാളയത്തിനു ചുറ്റും വീണു.
അതാ ഒരു സൈന്യം
പാഞ്ഞു വരുന്നു.
??


അമലേക്യരാണ് ആ വരുന്നത്.
ഭീകരന്മാരായ പടയാളികൾ.
???
നമ്മൾ നശിച്ചതു തന്നെ
ഭയപ്പെടാതെ, കർത്താവ് നമ്മെ കൈവിടുകയില്ല


ജോഷ്വ, ജനത്തെ ഒരുക്കി ആയുധവുമായി ശത്രുവിനെ നേരിടു. ഞാൻ മലമുകളിൽ കയറി കർത്താവിനോടു പ്രാർത്ഥിക്കാം


മോശയുടെ കൈ പ്രാർത്ഥനയിൽ ഉയർന്നു
നിന്നപ്പോൾ ഇസ്രായേലിനായിരുന്നു വിജയം.
കൈ താണപ്പോൾ ശത്രുക്കൾക്കും. അതിനാൽ .....
!!


സൂര്യാസ്തമയത്തിനു മുമ്പേ ഇസ്രയേൽക്കാർ യുദ്ധം ജയിച്ചു നന്ദി സൂചകമായി അവിടെ അവർ കർത്താവിനു ബലിയർപ്പിച്ചു.
അടിമകൾ ആയിരുന്ന ഞങ്ങളെ ശക്തനായ ഫറവോയിൽ നിന്നും ഭീകരന്മാരായ അമലേക്യരിൽ നിന്നും രക്ഷിച്ച കർത്താവേ, വിമോചകനായ അങ്ങയുടെ കാരുണ്യം എത്ര വിസ്മയാവഹം .


അവർ യാത്ര തുടർന്നു. സീനായ് മലയുടെ അടിവാരത്തെത്തി
അതാ കർത്താവിൻറെ മല. അതിന്റെ അടിവാരത്തിൽ നമുക്ക് കൂടാരമടിക്കാം.
!!!


ഞാനും ജോഷ്വയും കൂടെ കർത്താവിനോടു പ്രാർത്ഥിക്കാൻ മലമുകളിലേക്കു പോകുന്നു. ചിലപ്പോൾ അല്പം വൈകിയേക്കും. ജനത്തെ നോക്കിക്കൊള്ളണം
ഈ ജനത്തിന്റെ പ്രകൃതം നിനക്കറിയാമല്ലോ?


എന്താണാവോ ഇനിയത്തെ നീക്കം!


ദിവസങ്ങൾക്ക് ശേഷം
ഞങ്ങൾക്ക് ആരാധിക്കാൻ ദൈവങ്ങളെ ഉണ്ടാക്കിത്തരു
ഞങ്ങൾക്കു കാണാനും എടുത്തു കൊണ്ട് നടക്കാനും പറ്റുന്ന ദൈവങ്ങളെ വേണം
ഈജിപ്തിൽ നിന്ന് നമ്മെ മോചിപ്പിച്ച യാഹ്‌വെ അല്ലാതെ മറ്റൊരു ദൈവമില്ല



ഞങ്ങൾക്കു കാണാവുന്ന ദൈവത്തെയാണ് വേണ്ടത്
മോശ മടങ്ങി വരട്ടെ


അയാൾ പോയിട്ടു മാസം ഒന്നു കഴിഞ്ഞു ദൈവങ്ങളെ തന്നില്ലെങ്കിൽ നിൻറെ തല ഞങ്ങൾ എടുക്കും


ശരി, ആഭരണങ്ങൾ ശേഖരിക്കൂ


മടിക്കാതെ ഇങ്ങ് ഊരി തരൂ! ഇതു ദൈവത്തെ ഉണ്ടാക്കാനാ
നാളെ മുതൽ നമുക്കു കാണാവുന്ന ദൈവം ഉണ്ടാകും


അതേസമയം മലമുകളിൽ
നാല്പതാം ദിവസമാണ് ഞാൻ ഈ മലമുകളിൽ. കർത്താവേ അങ്ങെന്തേ നിശബ്ദനായിരിക്കുന്നു
മോശേ, നീ ജനത്തോടു പറയുക
!!


ഈജിപ്തിൽനിന്നു നിങ്ങളെ
പുറത്തുകൊണ്ടുവന്ന ഞാനാണ്
നിങ്ങളുടെ ദൈവമായ കർത്താവ്.
എൻറെ വാക്കു കേൾക്കുകയും
ഉടമ്പടി പാലിക്കുകയും
ചെയ്യുന്നപക്ഷം നിങ്ങൾ എനിക്ക്
ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം
ജനം ആയിരിക്കും


ദൈവം നൽകിയ ഉടമ്പടിയുടെ കൽപ്പലക കളുമായി മോശ മലയിറങ്ങി
ആരും അല്ലാത്തവരായിരുന്ന ഞങ്ങളെ സ്വന്തം ജനമായി തിരഞ്ഞെടുത്ത് നയിക്കുന്ന കർത്താവേ അങ്ങയുടെ അനന്ത സ്നേഹത്തിൽ.......
അതാ പാളയത്തിൽ വലിയ ആരവം, യുദ്ധമാണെന്ന് തോന്നുന്നു


ഇത് യുദ്ധത്തിൻ്റെ കാഹളമോ
കൂട്ടക്കരച്ചിലോ അല്ല.
പാട്ടും മേളവുമാണ്.



താഴെ പാളയത്തിൽ അഹറോൻ ഉണ്ടാക്കിയ കാളക്കുട്ടിയെ അവർ ആരാധിച്ചു. ഉത്സവമാഘോഷിച്ചു
ഇത് ഉത്സവത്തിന്റെ ഏഴാം ദിവസമാണ്. ഏഴുദിവസം കൂടി നമ്മൾ ആഘോഷിക്കും.
എത്ര മനോഹരമായ ദൈവം
അതാ മോശ വരുന്നു.
ഇസ്രായേൽ!


കർത്താവിനെ ഉപേക്ഷിച്ച
ജനത്തിനെതിരെ മോശ
പ്രമാണപ്പലകകൾ  വലിച്ചെറിഞ്ഞു.
വിഗ്രഹാരാധകരെ
കർത്താവു ശിക്ഷിച്ചു
???


പിറ്റേന്ന് പ്രഭാതത്തിൽ
കർത്താവിനെ ഉപേക്ഷിക്കുകവഴി നിങ്ങൾ കഠിനമായ പാപം ചെയ്തിരിക്കുന്നു. മാപ്പിരക്കാൻ ഞാൻ മലയിലേക്ക് പോവുകയാണ്
!!!


മോശ മലമുകളിൽ
പാപങ്ങൾ ക്ഷമിക്കുന്ന കാരുണ്യവാനായ കർത്താവേ അങ്ങ് ഈ ജനത്തിന്റെ വലിയ തെറ്റു ക്ഷമിക്കണമേ. ഇല്ലെങ്കിൽ ജീവൻറെ പുസ്തകത്തിൽ നിന്ന് എൻറെ പേര് മായ്ച്ചു കളഞ്ഞാലും



പ്രാർത്ഥന കേട്ടു കർത്താവു ക്ഷമിച്ചു. വീണ്ടും പ്രമാണങ്ങൾ എഴുതിയെടുത്ത കല്പലകകളുമായി മോശ തിരിച്ചുവന്നു.
കർത്താവു നമ്മളുമായി ചെയ്യുന്ന ഉടമ്പടിയുടെ രക്തമാണിത്. ഈ ഉടമ്പടി ലംഘിക്കുന്നവൻറെ രക്തം ഇതുപോലെ ചിന്തപ്പെടും
ഞങ്ങൾ എപ്പോഴും അനുസരിച്ചു കൊള്ളാം


ഉടമ്പടിയുടെ കല്പലകകൾ അവർ ഒരു പേടകത്തിലാക്കി അതുകൊണ്ടു യാത്ര തുടർന്നു. വഴികാട്ടാൻ ഒരു മേഘത്തൂണിൽ ദൈവം അവർക്കു മുൻപേ പോയി.
അതാ, ആ കാണുന്നതാണ് കാദെഷ് ബർണെയാ. നമുക്ക് അവിടെ കൂടാരമടിക്കാം


മോശ 12 പേരെ തിരഞ്ഞെടുത്തു അവരോട്
കർത്താവു നമുക്ക് നൽകിയിരിക്കുന്ന ദേശം ഈ മലയ്ക്ക് വടക്കാണ്. നിങ്ങൾ പോയി നാടും പട്ടണവുമൊക്കെ രഹസ്യമായി നോക്കിയിട്ടു വരുവിൻ.. കോട്ടയുടെയും മതിലുകളുടെയും ഒക്കെ സ്ഥിതി അറിഞ്ഞിട്ടു വരിക.



ദിവസങ്ങൾക്ക് ശേഷം ചാരന്മാർ തിരിച്ചുവന്നു
ദൈവം നമുക്കു നൽകിയിരിക്കുന്നത് തേനും പാലും ഒഴുകുന്ന നാടു തന്നെ. ഇതാ തെളിവുകൾ.
പക്ഷേ അവിടെ പാർക്കുന്നതു രാക്ഷസന്മാരാണ്. വലിയ പട്ടണങ്ങൾ. ആകാശംമുട്ടുന്ന കോട്ടകൾ.
???


നമുക്ക് അവരെ കീഴടക്കാൻ കഴിയും
മനുഷ്യരെ തിന്നുന്ന നാടാണത്
അയ്യോ, നാം നശിച്ചതുതന്നെ.


നമ്മൾ ഭയപ്പെടാതെ യുദ്ധം ചെയ്താൽ കർത്താവ് ആ നാട് നമുക്കു തരും
ലക്ഷ്യമില്ലാത്ത ഈ യാത്ര അവസാനിപ്പിച്ചു നമുക്ക് തിരിച്ചു പോകണം
ഈജിപ്തിലേക്കു മടങ്ങുകയാണു മെച്ചം
!?


വാഗ്ദത്ത ഭൂമിയുടെ വക്കിലെത്തിയിട്ട് ഇനിയും അടിമത്തത്തിലേക്കു മടങ്ങുകയെന്നോ?
രുചികെട്ട മന്നയും തിന്നു മരുഭൂമിയിൽ അലയുന്നതാണോ സ്വാതന്ത്ര്യം?
ഈജിപ്തുതന്നെ മെച്ചം. അധ്വാനിച്ചാൽ മതി. വയറു നിറയെ ആഹാരം കിട്ടുമായിരുന്നു


ഇതു കർത്താവിനെ പരീക്ഷിക്കലാണ്. നമുക്കു മോചനം നൽകിയ ദൈവത്തെ നിന്ദിക്കലാണ്.
ജനത്തെ ഈജിപ്തിലേക്കു നയിക്കാൻ താങ്കൾക്കു കഴിവില്ലെങ്കിൽ ഞങ്ങൾ വേറെ നേതാവിനെ തിരഞ്ഞെടുക്കും


ജനം ഒന്നടങ്കം മോശയ്ക്കെതിരെ തിരിഞ്ഞു സ്വസഹോദരങ്ങളായ അഹറോനും മിരിയാമും മോശയെ ചോദ്യം ചെയ്തു.
അഹറോൻ, താങ്കൾ നേതൃത്വം ഏറ്റെടുക്കണം
അല്ലേലും മോശചെയ്യുന്നത് അക്രമമാണ്. നമ്മുടെയെല്ലാം പൊന്നും വെള്ളിയും നശിപ്പിച്ചു
എനിക്ക് നേതാവാകാൻ കഴിയുകയില്ല. അതു കോറഹ് തന്നെയാകട്ടെ
!



നമുക്കു വേണ്ടതു സ്വാതന്ത്ര്യമാണ്. അതു വാഗ്ദത്ത ഭൂമിയിലേ കിട്ടൂ എന്ന കാര്യം മറക്കരുത്
നിങ്ങളുടെ ഒരു വാഗ്ദത്ത ഭൂമി *&^*%$#
?
ആ മിദിയാൻകാരിയുടെ വാക്കു കേട്ടിട്ടാണ് മോശ ഇത്ര കിടന്ന് തുള്ളുന്നത്. മരുഭൂമിയിൽവച്ചു ദൈവത്തെ കണ്ടു പോലും.

ജനത്തിൽ കലാപമായി. കോറഹിനെ നേതാവാക്കി ഈജിപ്തിലേക്കു മടങ്ങാൻ തീരുമാനിച്ചു. അപ്പോൾ ഭൂമി പിളർന്ന് കോറഹിനെ വിഴുങ്ങി. മിരിയാമിനു കുഷ്ഠം ബാധിച്ചു.




കർത്താവായ ദൈവമേ മത്സരബുദ്ധികൾ എങ്കിലും അറിവില്ലാത്തവരായ ഈ ജനതയോടു ക്ഷമിക്കണമേ. അങ്ങ് തന്നെയാണല്ലോ ഇവരെ ഈജിപ്തിൽ നിന്നു പുറത്തു കൊണ്ടുവന്നത്


ഇന്നു നിങ്ങൾ കാട്ടിയ ഈ
അവിശ്വസ്തതയ്ക്കും
ധിക്കാരത്തിനും ശിക്ഷ
അനുഭവിച്ചേ തീരൂ. എന്നോടു
മറുതലിച്ച ഈ തലമുറ മുഴുവൻ
ചത്തൊടുങ്ങുന്നതു വരെ
നിങ്ങളുടെ പാപഭാരവും പേറി
ഈ മരുഭൂമിയിലൂടെ
നിങ്ങൾ അലയും.


കർത്താവു നൽകിയ കാനാൻ ദേശം പിടിച്ചടക്കാൻ വിസമ്മതിച്ച ജനം മരുഭൂമിയിലൂടെ അലഞ്ഞു നടന്നു. വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കാൻ കഴിയാതെ അവർ മരിച്ചു.
പുതിയൊരു തലമുറ ഉയർന്നുവന്നു
നമ്മുടെ കുറ്റങ്ങൾ എല്ലാം കർത്താവു ക്ഷമിച്ചു. നമ്മുടെ അലച്ചിലിന്റെ കാലം പൂർത്തിയായി. ഇനി നമ്മൾ കാനാൻ ദേശം ലക്ഷ്യമാക്കി നീങ്ങുകയാണ്.


നമ്മൾ അമോര്യരുടെ നാട്ടിലൂടെ കടന്നുപോകണം. നിങ്ങൾ പോയി അവിടുത്തെ രാജാക്കന്മാരായ സീഹോനോടും ഓഗിനോടും അവരുടെ നാട്ടിലൂടെ കടന്നു പോകാൻ നമ്മെ അനുവദിക്കണം എന്ന് പറയണം



നമ്മുടെ ലക്ഷ്യം കാനാൻ ദേശമാണ് . വഴിക്ക് ആരുമായി യുദ്ധം ചെയ്യാൻ നമുക്ക് താല്പര്യമില്ല.
അവർ സമ്മതിക്കുമോ എന്ന് കണ്ടറിയണം. ഏദോമിനെപ്പോലെ അവരും യുദ്ധത്തിനു വന്നാലോ?
നിന്നു പൊരുതുക തന്നെ.
!



അമോര്യ രാജാക്കന്മാർ മോശയുടെ ദൂതന്മാരെ അവഹേളിച്ചു പറഞ്ഞയച്ചു. പുറകെ വലിയൊരു സൈന്യവുമായി ഇസ്രായേൽക്കാർക്ക് എതിരെ വന്നു.
ആ വരുന്ന അമോര്യ രാജാക്കന്മാരെ നിങ്ങൾ ഭയപ്പെടേണ്ട കർത്താവു നമ്മോടു കൂടെയുള്ളതിനാൽ ഏത് ശത്രുവിനെയും നമുക്കു പരാജയപ്പെടുത്താനാകും. ജോഷ്വ, സൈന്യവുമായി മുന്നേറു
!!


ഇരു സൈന്യങ്ങളും ഏറ്റുമുട്ടി
അതാ അവരെ പിന്തുടരു.


അമോര്യരെ തോൽപ്പിച്ച് അവരുടെ
പട്ടണങ്ങൾ ഇസ്രായേൽക്കാർ പിടിച്ചടക്കി


മക്കളേ, എൻറെ കാലം അവസാനിക്കുകയായി. വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കാൻ കർത്താവ് എന്നെ അനുവദിച്ചിട്ടില്ല. ജോഷ്വ നിങ്ങളെ അങ്ങോട്ട് നയിക്കും.


കർത്താവാണു നിങ്ങൾക്കു
മോചനവും ഭൂമിയും
നൽകുന്നതെന്ന് മറക്കരുത്.
അവിടുത്തെ ഉടമ്പടിയോട്
എന്നും വിശ്വസ്തത
പാലിക്കണം.



കർത്താവു കല്പിച്ചതനുസരിച്ച് ജോർദാന്റെ കിഴക്കുള്ള നേബോ മലയിലേക്കു മോശ കയറി.
മോശേ, ഞാൻ എൻറെ ജനത്തിനു നൽകാൻ പോകുന്ന ഫലസമൃദ്ധമായ ഭൂമി അതാ. ഒരു നോക്ക് കണ്ടുകൊള്ളൂ നീ അതിൽ പ്രവേശിക്കുകയില്ല. എന്നാൽ നീ നയിച്ച ജനം അത് കൈവശമാക്കും
കർത്താവേ എനിക്കു് തൃപ്തിയായി. എനിക്ക് അവിടത്തെ കാരുണ്യം മാത്രം മതി

## നേബോ മലയിൽ വച്ച് മോശ മരിച്ചു

# വാഗ്ദത്ത ഭൂമിക്കു വേണ്ടിയുള്ള യുദ്ധം തുടരുകയാണ്

അടുത്ത ചിത്രകഥ



# ചോദ്യങ്ങൾ

1. മോശ മിദിയാനിലേക്ക് ഒളിച്ചോടാൻ കാരണമെന്ത്?
2. മോശയുടെ ഭാര്യയുടെ പേരെന്ത്?
3. മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെട്ട ദൈവം മോശയോട് എന്തു പറഞ്ഞു?
4. ദൈവം ഈജിപ്ത്തിനുമേൽ അയച്ച പത്തു ബാധകൾ ഏതൊക്കെയായിരുന്നു?
5. എന്തിൻറെ ഓർമ്മയാണ് പെസഹാത്തിരുനാളിൽ ഇസ്രായേൽ ജനം ആചരിക്കുന്നത്?
6. ഇസ്രായേൽ ദൈവത്തിൻറെ ജനമായിരിക്കണമെങ്കിൽ അവർ എന്തു ചെയ്യണമെന്നാണു ദൈവം പറഞ്ഞത്?
7. മോശ തൻറെ ജനത്തെ നിസ്വാർത്ഥമായി സ്നേഹിച്ചിരുന്നു. ഉദാഹരണസഹിതം വ്യക്തമാക്കുക.
8. ഇസ്രായേൽ ജനം നാൽപതു വർഷം മരുഭൂമിയിലൂടെ അലയാൻ കാരണമെന്ത്?
9. ഇസ്രായേൽ ജനം തങ്ങളുടെ ദൈവത്തിനെതിരേ ചെയ്ത ഏറ്റവും വലിയ പാപം ഏത്?
10. മോശയും യേശുവും തമ്മിലുള്ള സാമ്യവും വ്യത്യാസവും വിശദമാക്കുക.

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും